ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) ഉത്തരം അനുബന്ധമായി കൊടുത്തിട്ടുണ്ട്†.

(സി&ഡി) കേരള വാട്ടർ അതോറിറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ശുദ്ധജലവിതരണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല. എന്നാൽ 19-3-1998-ലെ (ജി.ഒ.എം.എസ്) 29/98/ഇറി.വ. സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നത് അനുസരിച്ച് അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കുക, പദ്ധതി വിപുലീകരിക്കുക അല്ലെങ്കിൽ പുനരുദ്ധരിക്കുക, 55 ലക്ഷത്തിൽ കൂടുതൽ ചെലവു വരുന്ന 'സ്റ്റാർഡ് എലോൺ' പദ്ധതികളും കേരള വാട്ടർ അതോറിറ്റി 'ഡിപ്പോസിറ്റ് വർക്കായി' ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കൂടാതെ കേന്ദ്ര ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പരിപാടിയുടെ ഭാഗമായി 'രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷ'ന്റെ സാമ്പത്തിക സഹായത്തോടെ കാസർകോട്, കൊല്ലം എന്നീ ജില്ലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനകീയ പങ്കാളിത്തത്തോടെ ശുദ്ധജലവിതരണ പദ്ധിപാടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ 4 ജില്ലകളിൽ കേരള റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനകീയ പങ്കാളിത്തത്തോടെ ശുദ്ധജലശുചീകരണ പദ്ധതികൾ നടത്തുന്നതിന് കേരള റൂറൽ വാട്ടർസപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സഹകരണ മെഡിക്കൽ കോളേജ്

17 (*47) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സഹകരണ മെഡിക്കൽ കോളേജിൽ ഇതിനകം എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി എന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ മെഡിക്കൽ കോളേജിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവും കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റ് ഓഫ് പെർമിഷനും ലഭിച്ചു കഴിഞ്ഞുവോ ; വിശദാംശം വ്യക്തമാക്കുമോ ;

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ മെഡിക്കൽ കോളേജിലെ പ്രവേശനത്തിന് സർക്കാർ എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിരുന്നുവോ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സഹകരണ മെഡിക്കൽ കോളേജിലെ ഫീസ് നിരക്ക് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടുവോ; എങ്കിൽ ഫീസ് നിരക്കിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ സഹകരണ മെഡിക്കൽ കോളേജ് കെട്ടിട സമുച്ചയത്തിനും മറ്റുസാമഗ്രികൾക്കുമായി എന്തു തുക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത തുക എപ്രകാരം സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാന സഹകരണ മെഡിക്കൽ കോളേജിന്റെ ആസ്ഥാനം എവിടെ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(എച്ച്) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സഹകരണ അക്കാഡമിയുടെ കീഴിൽ കൊച്ചിയിൽ സ്ഥാപിച്ച മെഡിക്കൽ കോളേജിന്റെ പ്രവർത്തനം 2000-2001 അദ്ധ്യയന വർഷത്തിൽ ആരംഭിച്ചിട്ടേയുള്ളുവെന്നതിനാൽ വിലയിരുത്തലിന് സമയമായിട്ടില്ല.

(ബി) നൂറു വിദ്യാർത്ഥികൾക്കുള്ള പ്രവേശനാനുമതി ലഭിച്ചു. 98 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി. ഒഴിവുള്ള രണ്ടു സീറ്റുകളിലേക്ക് പ്രവേശനപരീക്ഷാ കമ്മീഷണർ വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നതാണ്.

(സി) ലഭിച്ചു കഴിഞ്ഞു. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ശുപാർശ പ്രകാരം കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുള്ളത് ഒന്നാം വർഷ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനാണ്. ആദ്യത്തെ അഞ്ചുവർഷവും മെഡിക്കൽ കൗൺസിൽ പരിശോധന നടത്തി തൃപ്തികരമായാൽ അതതു വർഷത്തേയ്ക്ക് അംഗീകാരം ലഭിക്കും.

(ഡി) പ്രവേശന പരീക്ഷ നടത്തി റാങ്കിന്റേയും സംവരണത്തിന്റെയും അടിസ്ഥാനത്തിൽ സെലക്ട് ചെയ്ത് അയയ്ക്കുന്നവർക്കു മാത്രമേ പ്രവേശനം നൽകുകയുള്ളൂ. 50 ശതമാനം മെരിറ്റ് സീറ്റുകളും 50 ശതമാനം പേയ്മെന്റ് സീറ്റുകളും എന്ന ക്രമത്തിലാണ് ഈ വർഷം പ്രവേശനം നൽകിയത്. നിലവിലുള്ള സംവരണ തത്വങ്ങളും പാലിക്കുന്നുണ്ട്.

(ഇ) പേയ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്ന എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെടുന്നവരൊഴികെയുള്ള വിദ്യാർത്ഥികളിൽ നിന്ന് മൂന്നുലക്ഷം രൂപ പ്രവേശനസമയത്ത് പലിശരഹിത നിക്ഷേപമായി സ്വീകരിക്കുകയും കോഴ്സ് തീരുമ്പോൾ തിരിച്ച് നൽകുകയും ചെയ്യുന്നതാണ്. ഇവരിൽ നിന്ന് ഫീസ് ഇനത്തിൽ ഓരോ വർഷവും ഓരോ ലക്ഷം രൂപവീതം ഈടാക്കുന്നു. മെരിറ്റ് വിഭാഗത്തിൽ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ കോളേജുകളിൽ നിജപ്പെടുത്തിയിട്ടുള്ള ഫീസ് നൽകിയാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സഹകരണ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 125.20 കോടി രൂപയാണ് ചെലവു കണക്കാക്കിയിരിക്കുന്നത്. ഇത് അനുബന്ധമായി ആരംഭിക്കുന്നു. ആശുപത്രിയിൽ നിന്നുള്ള വരുമാനം, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ നൽകുന്ന സഹായം, വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ഫീസ് ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലായി സ്വരൂപിക്കാനുദ്ദേശിക്കുന്നു. കൂടാതെ, അക്കാഡമിയുടെ ധനസമാഹരണത്തിനായി സർക്കാർ "ട്രഷറി സ്മോൾ സേവിംഗ്സ് ഫിക്സഡ് ഡിപ്പോസിറ്റ് സർട്ടിഫിക്കറ്റ് സ്കീം" എന്ന പദ്ധതിപ്രകാരം ഗ്രാന്റ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) കൊച്ചിയിലെ കളമശ്ശേരിയിൽ.

(എച്ച്) കളമശ്ശേരിയിലെ എച്ച് എം റ്റി ഫാക്ടറി വളപ്പിൽ നിന്നും 60 ഏക്കർ സ്ഥലം മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി സർക്കാർ അക്കാഡമിക് കൈമാറിയിട്ടുണ്ട്.

വൈദ്യുതിയുടെ അനധികൃത ഉപയോഗം

18 (*48) ശ്രീ. യു. എസ്. ശശി :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ അനധികൃത ഉപയോഗം മൂലമുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതിവർഷം എന്തുമാത്രം നഷ്ടം ഇപ്രകാരം ഉണ്ടാകുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) കേടായ വൈദ്യുതി മീറ്ററുകൾ മാറ്റാത്തതുമൂലം പ്രതിവർഷം എത്രമാത്രം നഷ്ടമുണ്ടാകുന്നുണ്ട് ;

(ഡി) ഈ നഷ്ടങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) കൃത്യമായി കണക്കാക്കാൻ കഴിയില്ല.

(സി) കേടായ മീറ്റർ മാറാത്ത സാഹചര്യത്തിൽ മീറ്റർ പ്രവർത്തനക്ഷമം ആയിരുന്ന കാലത്തെ ശരാശരിയെ അടിസ്ഥാനമാക്കി വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതുകൊണ്ട് ഈ ഇനത്തിൽ ഗണ്യമായ നഷ്ടം വരുന്നതായി കരുതുന്നില്ല. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ഊർജ്ജിതമായ നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly